# അയ്യൻ ചിരുകണ്ടൻ: പാഠഭേദങ്ങളുടെ സാംസ്കാരികവിവക്ഷകൾ

**സിന്റോ കൊങ്കോത്ത്**
അധ്യാപിക
ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട.

**പ്രബന്ധസംഗ്രഹം**

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട ഭാഗത്ത് നിലവിലുള്ള പ്രബലവിശ്വാസത്തിന്റെ ഭാഗമായ ഒരു കഥയാണ് അയ്യൻചിരുകണ്ടന്റേത്. ചെറുമവിഭാഗത്തിലേതെന്നു കരുതപ്പെടുന്ന ഒരു നാട്ടുരാജാവായ അയ്യൻ ചിരുകണ്ടനെ ചതിയിൽ മേലാളർ വധിച്ചത് കേരളത്തിന്റെ സാമൂഹികചരിത്രത്തിൽ അടയാളപ്പെടുത്തേണ്ടുന്ന രാഷ്ട്രീയവും ജാതീയവുമായ മാനങ്ങളുള്ളവയാണ്. ഈ കഥയുടെ പാഠങ്ങളും വ്യാഖ്യാനങ്ങളും സ്ഥലചരിത്രത്തെ മുൻനിർത്തിയും പ്രാദേശികചരിത്രത്തിന്റെ രീതിപദ്ധതി ഉപയോഗിച്ചും വിശകലനം ചെയ്യാൻ ശ്രമിക്കുകയാണ് ഈ പ്രബന്ധം.

**സൂത്രവാക്കുകൾ**

പാഠഭേദം, സംസ്കാരചരിത്രം, വാമൊഴി, ഐതിഹ്യം, ബുദ്ധമതം, ജാതി, പുലയരാജവംശം.

**ച**രിത്രം ഒരു ആഖ്യാനമായി ഇന്ന് തിരിച്ചറിയപ്പെടുന്നുണ്ട്. ലോകവീക്ഷണങ്ങൾ തമ്മിലുള്ള സംഘർഷാത്മകമായ തലം അറിവിന്റെ നിർമ്മിതിയിൽ ഇടപെടുന്നുമുണ്ട്. നിർമ്മിതമായ അറിവുകൾ ഏതെല്ലാം വസ്തുതകൾ അടിസ്ഥാനമാക്കിയാണ് നിർമ്മിച്ചത് എന്ന വിഷയവും ചർച്ചയാകുന്നുണ്ട്. പരമ്പരാഗതമായ അറിവിൽ അധീശത്വമാണ് അറിവുല്പാദനത്തിന്റെ കേന്ദ്രമായി പ്രവർത്തിച്ചത് എന്നു മനസ്സിലാക്കാനാവും. ആ അറിവിൽ അപരവൽക്കരിക്കപ്പെട്ട ജനതയുടെ സംസ്കാരം കണ്ടെത്തു

മ്പോൾ ചരിത്രം പ്രശ്നവത്കരിക്കപ്പെട്ടുതുടങ്ങും. പരാജയങ്ങളി ലാണ് മനുഷ്യചരിത്രമുള്ളത് എന്ന് അവിടെ തിരിച്ചറിയുന്നു. പ്രാന്തവത്കരിക്കപ്പെട്ട ജനതയുടെ വിജയങ്ങൾ പരമ്പരാഗത ചരിത്രങ്ങളിൽ കാണാനാകുന്നില്ല. അവരുടെ ജീവിതം അന്വേ ഷിക്കണം. പരാജയഗാഥകളല്ല അത് എന്ന തിരിച്ചറിവാണ് സംസ്കാരചരിത്രത്തിനാധാരം; അതിജീവനസമരമാണത്. നിശ ബ്ദമാക്കപ്പെട്ടവരുടെ ശബ്ദങ്ങൾ കേൾപ്പിക്കുക എന്നത് സംസ്കാ രചരിത്രരചനയുടെ ഉത്തരവാദിത്തമാണ്.

ലിഖിതരേഖകളെപ്പോലെ തന്നെ പ്രധാനപ്പെട്ടതാണ് വാമൊഴിയും. ഭൂതകാലത്തെക്കുറിച്ചുള്ള ഇന്നിന്റെ ഓർമ്മക ളാണ് വാമൊഴിചരിത്രരചനയ്ക്ക് ആധാരം. സാധാരണക്കാരു ടെ അറിവുകൾ പരിഗണിക്കുന്ന രചനാരീതിയാണിത്. ഈ അറിവ് നേരിട്ട് കണ്ടറിഞ്ഞവ മാത്രമാകണമെന്നില്ല. പഴയ തലമുറയിൽനിന്ന് കേട്ടറിഞ്ഞവയും ഇവിടെ സ്വീകാര്യമാണ്. കണ്ടറിഞ്ഞതും കേട്ടറിഞ്ഞതുമായ കാര്യങ്ങൾ ഓരോ ജനതയും തങ്ങളുടെ ബോധ്യങ്ങൾക്കനുസരിച്ച് പുനരവതരിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ആഖ്യാനങ്ങൾ പലപ്പോഴും പഴമയുടേതല്ല, വർത്തമാനകാലത്തിന്റേതാണ്. വർഷങ്ങൾക്കുമുമ്പ് നടന്ന ഒരു സംഭവത്തെ പിന്നീട് ആവിഷ്കരിക്കുമ്പോൾ ഒരിക്കലും അന്ന ത്തെ അതേ വികാരമായിരിക്കില്ല പ്രകടമാകുന്നത്. അതു ചരി ത്രത്തിന്റെ വർത്തമാന ആഖ്യാനമാണ്. അല്ലെങ്കിൽ ചരിത്രത്തി ന്റെ വർത്തമാനാനുഭവമാണ് എന്ന് പറയാം. തലമുറകളിലൂടെ കൈമാറി വന്ന ഐതിഹ്യങ്ങൾക്കും ഇതു ബാധകമാണ്. ഭാവ നയ്ക്കും ചരിത്രത്തിനും ഇടയിലാണ് ഐതിഹ്യങ്ങളുടെ സ്ഥാനം. ഓരോ കാലഘട്ടവും അതിന്റെ വീക്ഷണവ്യതിരിക്തതകൾക്കനു സരിച്ച് മിനുക്കിച്ചേർത്ത അതിശയോക്തിയെ തുടച്ചുമാറ്റിയാൽ തെളിഞ്ഞുവരുന്നത് സാംസ്കാരികചരിത്രരചനയ്ക്ക് ഉപയുക്തമായ ഉപാദാനമായിരിക്കും. ആ അർത്ഥത്തിൽ ഇന്നത്തെ മുകുന്ദപുരം താലൂക്കിലെ പഴയ പന്തലിപ്പാടം പ്രദേശത്തെ നാട്ടുരാജാവായ അയ്യൻ ചിരുകണ്ടനെ തിരിച്ചറിയാനുള്ള ശ്രമമാണ് ഈ പ്രബ ന്ധം. അതുവഴി അയ്യൻ ചിരുകണ്ടനെക്കുറിച്ചു പ്രചരിക്കുന്ന കഥ കളിലെ സാംസ്കാരികവിവക്ഷകളും കണ്ടെത്താനാവും.

**വാമൊഴിയിലെ അയ്യൻ ചിരുകണ്ടൻ**

അയ്യൻ ചിരുകണ്ടനെ കുറിച്ചുള്ള പ്രബലമായ ഒരു കഥ ഇങ്ങനെ ചുരുക്കി പറയാം: ഭാരതപ്പുഴ മുതൽ അഷ്ടമുടിക്കായൽ വരെ നീണ്ടുകിടക്കുന്ന പ്രദേശം വന്നേരി കേന്ദ്രമാക്കിയിരുന്ന കൊച്ചി രാജകുടുംബത്തിന്റെ അധികാരത്തിലായിരുന്നു. എങ്കിലും ഓരോ പ്രദേശത്തിനും പ്രത്യേകം നാട്ടുവാഴികളും ഉണ്ടായി. പന്തലിപ്പാടത്തെ നാട്ടുവാഴി തന്റെ മകളുടെ വിവാഹത്തിനായി കൊച്ചിരാജാവിനെ ക്ഷണിക്കുന്നു. പഴക്കടയ്ക്കകൊണ്ട് തൂണിട്ട് വെറ്റില കൊണ്ട് പന്തലിട്ട് സ്വർണ്ണംകൊണ്ട് നിറപറവെച്ച് നിലവിളക്ക് കൊളുത്തിയാണ് അദ്ദേഹം കൊച്ചിരാജാവിനെ സ്വീകരിച്ചത്. ചെറുമനായ നാട്ടുരാജാവിന്റെ സമ്പത്തും പ്രൗഢിയും കണ്ട് അസൂയപൂണ്ട കൊച്ചിരാജാവ് അരയിലെ വാളൂരി ചിരുകണ്ടനെ വെട്ടിക്കൊന്നു. ഇതാണ് കഥാസാരം. പാഠഭേദങ്ങളോടെ പല സമുദായങ്ങളും (പ്രധാനമായും പുലയസമുദായവും പറയസമുദായവും) തങ്ങളുടെ പൂർവികന്റെ കഥ എന്ന രീതിയിൽ ഇതു പറഞ്ഞുവരുന്നു.

അയ്യൻ ചിരുകണ്ടൻ ചെറുമരുടെ രാജാവാണ് എന്നത് ജനസമ്മതമാണ്. എന്നാൽ അദ്ദേഹത്തിന്റെ ജാതിയെ സംബന്ധിച്ച് പറയ - പുലയ വിഭാഗക്കാർക്കിടയിൽ തർക്കം നിലനിൽക്കുന്നുണ്ട്. ഒർണ കൃഷ്ണൻകുട്ടിയുടെ പുലയരുടെ ചരിത്രം ഒരു പഠനം എന്ന കൃതിയിലും മുകുന്ദപുരത്തെ പുലൈ രാജാവ് എന്ന കണ്ണൻ മേലോത്തിന്റെ കൃതിയിലും അഡ്വ. കെ.എസ് മേനോൻ, കെ.കെ. വേലായുധൻ എന്നിവരുടെ ലേഖനങ്ങളിലുമെല്ലാം അദ്ദേഹം പുലയനാണ്. എന്നാൽ അദ്ദേഹമൊരു പറയ മൂപ്പനായിരുന്നു (സാംബവവിഭാഗം) എന്നു കരുതുന്നവരും ഇവിടെ ഉണ്ട്. ലോനപ്പൻ നമ്പാടന്റെ സഞ്ചരിക്കുന്ന വിശ്വാസിയിൽ പറയനാണ് ചിരുകണ്ടൻ. ചെറുമവിഭാഗക്കാർക്കിടയിൽ പൗരോഹിത്യം സാംബവർക്കാണ് എന്നത് ശ്രദ്ധേയമാണ്. രാജവാഴ്ചയിൽ പൗരോഹിത്യം അധികാരത്തോട്ടു ചേർന്നു നിന്നിരുന്നു. പോത്തോട്ടോണത്തിൽ വള്ളോനെ അവരോധിക്കുന്നത് സാംബവരാണ്. മന്ത്രവാദം, ഒടിയൻ പ്രയോഗങ്ങൾ തുടങ്ങിയവയിലും കളംപാട്ട് പോലുള്ള പ്രാർത്ഥനകളിലും സാംബവവിഭാഗം മുൻപന്തിയിലാണ്. നഷ്ടപ്പെട്ടു പോയ പ്രതാപകാലത്തിന്റെ സ്മരണകൾ കഥകളിലൂടെ തലമുറകൾ കൈമാറി സൂക്ഷിക്കുന്ന സമുദായങ്ങളെ ഇവിടെ കാണാം.

കഥ നടക്കുന്ന പ്രദേശത്തെ സംബന്ധിച്ചും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. പന്തലിപ്പാടം പ്രദേശത്തെ നാട്ടുരാജാവായിരുന്ന അയ്യൻ ചിരുകണ്ടൻ. ഈ പന്തലിപ്പാടം, ഇന്നത്തെ പട്ടേപ്പാടമോ അതിനടുത്ത ഇടങ്ങളോ ആണെന്നതാണ് ഒരു വാദം. ഉപകഥയിൽ കടന്നുവരുന്ന വെളയനാട് ദേവാലയം, മുകുന്ദപുരം ക്ഷേത്രം എന്നിവ ഇവിടങ്ങളിലാണ്. പൊ.വ. 900 ആണ്ടിൽ സ്ഥാപിതമായി എന്ന് കരുതുന്ന വെളയനാട് ക്രിസ്ത്യൻ ദേവാലയത്തിന്റെയും മുകുന്ദപുരം ശ്രീകൃഷ്ണക്ഷേത്രത്തിന്റെയും ഉത്ഭവവുമായി ബന്ധപ്പെട്ടും ചിരുകണ്ടകഥ പ്രചരിക്കുന്നുണ്ട്

**കഥയുടെ അനുബന്ധകഥകൾ**

ചിരുകണ്ടന്റെ കഥയെ മുൻനിർത്തി മറ്റുചില കഥകൾ കൂടി പ്രചാരത്തിലുണ്ട്. ചിരുകണ്ടനെ വധിച്ച മുകുന്ദൻ എന്ന രാജാവിന്റെ പേരിലാണ് ക്ഷേത്രത്തിനും പിന്നീട് നാടിനും ആ പേര് ലഭിച്ചതത്രേ. മുകുന്ദപുരം എന്ന പേരിൽ ഇന്ന് ഒരു നാടില്ല. എന്നാൽ ഇരിങ്ങാലക്കുട നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശം മുകുന്ദപുരം താലൂക്കിലാണ്. സമീപപ്രദേശങ്ങളിലെ പതിമൂന്ന് ഗ്രാമപഞ്ചായത്തുകൾ ഈ താലൂക്കിൽ ഉൾപ്പെടുന്നു. മുകുന്ദൻ എന്നത് കൊച്ചി രാജാവല്ല, അദ്ദേഹമേർപ്പെടുത്തിയ കൊലയാളിയായിരുന്നു എന്ന അഭിപ്രായഭേദമുണ്ട്. നടവരമ്പിനും വെളയനാടിനും ഇടയിലാണ് മുകുന്ദപുരം ശ്രീകൃഷ്ണക്ഷേത്രം സ്ഥിതി ചെയ്യുന്നത്.

മുകുന്ദപുരത്തുള്ള വെളയനാട് ദേവാലയത്തെ മുൻനിർത്തിയും ഈ കഥയ്ക്ക് ബന്ധം കല്പിക്കുന്നു. അയിത്തജാതിക്കാരനായ ചിരുകണ്ടനെ വധിച്ച കൊച്ചി രാജാവിന് തിരികെ കൊട്ടാരത്തിൽ പ്രവേശിക്കാൻ സാധിക്കാതെ വന്നതിനാൽ പരിഹാരകർമ്മം അനുഷ്ഠിച്ച് കൊണ്ട് മുകുന്ദപുരം ക്ഷേത്രത്തിനടുത്ത് താമസമാക്കി. ഈ അവസരത്തിൽ അന്നത്തെ വിളയംകോട് പ്രദേശത്തെ നസ്രാണികൾ തട്ടിലെ മുത്തിയുടെ നേതൃത്വത്തിൽ രാജാവിനെ സമീപിക്കുകയും തങ്ങൾക്കൊരു ആരാധനാലയം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷിക്കുകയും ചെയ്തു. കൊച്ചി ഭരണാധികാരി അവരുടെ ആവശ്യം പരിഗണിച്ച് അനുമതി നൽകി. അങ്ങനെ ഇന്നത്തെ മുകുന്ദപുരം ക്ഷേത്രത്തിൽനിന്നും നാലു വിളിപാടകലെയുള്ള കുന്നിൻപ്രദേശത്തി

ന്റെ തെക്കുഭാഗത്തെ ചെരുവിൽ ദേവാലയം സ്ഥാപിക്കപ്പെടുന്നു. എന്നാൽ ദേവാലയത്തിലെ മണിനാദം മുകുന്ദപുരത്ത് താമസിച്ചിരുന്ന രാജാവിന്റെ പൂജാദികർമ്മങ്ങൾക്കു തടസ്സമായതിനാൽ, രാജകല്പന പ്രകാരം ആ ദേവാലയം പൊളിക്കുകയും കുറേക്കൂടി താഴോട്ടിറക്കി രാജാവിന്റെ സഹായത്തോടെ പുതിയതൊന്ന് പണിയുകയും ചെയ്തു. പ്രസ്തുത ദേവാലയമാണ് ഇന്നത്തെ വെളയനാട് തള്ളപള്ളിയിൽ നിലകൊള്ളുന്നത് എന്നു ജനങ്ങൾ വിശ്വസിക്കുന്നു.[1]

കല്ലേറ്റുംകര ഗ്രാമത്തിനോട് ചേർന്ന് ഇന്നത്തെ കേരള ഫീഡ്സ് ഫാക്ടറി സ്ഥിതിചെയ്യുന്ന പ്രദേശമാണ് പന്തലിപ്പാടം എന്നതാണ് മറ്റൊരു വിലയിരുത്തൽ. ചിരുകണ്ടനെ വധിച്ച ശേഷം രാജാവ് വടക്കു ഭാഗത്തുള്ള കുന്നത്തറക്കൽ ക്ഷേത്രത്തിൽ ചെന്ന് അതിന്റെ അരികിൽ കൂടി ഒഴുകിയിരുന്ന പുഴയിൽ കുളിച്ച്, ക്ഷേത്രദർശനം നടത്തി. അതിനടുത്തുള്ള ക്ഷേത്രകെട്ടിടത്തിലാണ് അദ്ദേഹം വിശ്രമിച്ചത്. കുറുമാലിപ്പുഴയുടെ ഒരു ശാഖ അന്ന് ആ ക്ഷേത്ര പരിസരത്തു കൂടി ഒഴുകിയിരുന്നുവത്രേ. പെരുമ്പടപ്പ് നമ്പൂതിരി കുടുംബത്തിലെ സന്തതി പരമ്പരയിൽപ്പെട്ട കൊച്ചിരാജകുടുംബാംഗം കീഴ്ജാതിക്കാരനായ ഒരാളുടെ രക്തംതൊട്ട് അശുദ്ധമായതിനാൽ രാജകൊട്ടാരത്തിലേക്ക് തിരിച്ചു പോകാൻ കഴിഞ്ഞില്ല. അദ്ദേഹം കുറേക്കാലം മുരിയാട് ക്ഷേത്രകെട്ടിടത്തിൽ താമസിച്ചു. രാജാവിന്റെ അമ്മ ഭ്രഷ്ടനായ മകനെ കാണുന്നതിന് പുഴയുടെ മറുകരയിലുള്ള ക്ഷേത്രത്തിൽ ദർശനത്തിനു വരികയും അതേസമയത്ത്, എതിർ ക്ഷേത്രപരിസരത്തിൽ എത്തിച്ചേരുന്ന മകനെ പുഴയുടെ വെള്ളത്തിൽക്കൂടി കാണുകയുമാണ് ചെയ്തിരുന്നത്. ഇന്ന് റെയിൽവേ പാളം കടന്നുപോകുന്നത് ഈ പ്രദേശത്തിനു നടുവിലൂടെയാണ് എന്നു പറയപ്പെടുന്നു. ഗോകുൽദാസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലാണ് ഈ സ്ഥലം ഇന്നുള്ളത്. നഗർമെണ്ണ മന എന്നാണ് അദ്ദേഹത്തിന്റെ ഇല്ലപ്പേര്. പരമ്പരാഗതമായി കൈമാറിക്കിട്ടിയ ഇവിടം ഒരു ചരിത്രസ്മാരകമാണ് എന്ന ബോധ്യത്തോടെയാണ് അദ്ദേഹം സംരക്ഷിക്കുന്നതും. പഴമ സൂചിപ്പിക്കുന്ന ചില കല്ലുകളും ശൗചാലയ അവശിഷ്ടങ്ങളും കൊട്ടാരം നിലനിന്നിരുന്നു എന്ന് കരുതുന്ന പ്രദേശത്ത് നിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ

ക്ഷേത്രാവശിഷ്ടം എന്ന് കരുതാവുന്ന വലിയ ബലിക്കല്ലും ഇവിടെയുണ്ട്. മുരിങ്ങോത്ത് കോവിലകം, പള്ളിപ്പാമഠം എന്നിങ്ങനെ രണ്ടു കോവിലകങ്ങളാണ് ഇവിടെ ഉണ്ടായിരുന്നത് എന്ന് ഗോകുൽദാസ് അഭിപ്രായപ്പെടുന്നു. പതി എന്നറിയപ്പെടുന്ന രണ്ടു നീർച്ചാലുകൾ ഇവിടെയുണ്ട്. നന്ദിയാറും കല്ലാറും ഇതുവഴി ഒഴുകിയിരുന്നു എന്നും 1341 ലെ വെള്ളപ്പൊക്കത്തെ തുടർന്നാണ് പുഴ വഴിമാറിയതെന്നുമാണ് കരുതുന്നത്. റെയിൽ പാളത്തിൽ നിന്നും 800 മീറ്റർ വടക്കും 600 മീറ്റർ തെക്കുമായാണ് പതികൾ ഉള്ളത്.[2]

ഇന്നത്തെ ഇരിങ്ങാലക്കുട പട്ടണവും സമീപപ്രദേശങ്ങളും പന്തലിപ്പാടം പ്രദേശത്തിന്റെ വ്യാപകാതിർത്തിയിൽ ഉൾപ്പെട്ടിരിക്കാൻ സാധ്യതയുണ്ട് എന്നൊരു പക്ഷമുണ്ട്. ചിരുകണ്ട കഥയുടെ പാഠഭേദങ്ങളിലൊന്നിൽ കൂടൽമാണിക്യക്ഷേത്രം സാംബവവിഭാഗത്തിന്റേതായി പറയപ്പെടുന്നു. ചിരുകണ്ടൻ സാംബവരാജാവും. ചിരുകണ്ടനിൽനിന്നും ആറു നാട്ടിൽ പ്രഭുക്കൻമാരിലൊരാളായ മുരിയേടത്തു നമ്പ്യാരാണ് രാജ്യം കയ്യടക്കുന്നത് എന്നും, അതല്ല കൊച്ചി രാജാവ് മുരിയേടത്തു നമ്പ്യാർക്ക് ഭരണനിർവ്വഹത്തിനായി നാടു കൈമാറുകയായിരുന്നു എന്നും പക്ഷാന്തരമുണ്ട്.

കൂടൽമാണിക്യക്ഷേത്രത്തിലെ പഴയകാല ഉരുളികൾ അടക്കമുള്ള പാത്രങ്ങളിൽ ചിരുകണ്ടൻ വക എന്നെഴുതിയിട്ടുണ്ടത്രേ. എന്നാൽ ബോധപൂർവ്വമായ തമസ്കരണങ്ങളുടെ ഭാഗമായി ഈ ഉരുപ്പടികൾ ഇപ്പോൾ പുറത്തെടുക്കാതിരിക്കുന്നതാണ് എന്നും ആളുകൾക്കിടയിൽ പ്രചാരമുണ്ട്. ഇന്നത്തെ അയ്യങ്കാവ് മൈതാനവും സമീപപ്രദേശങ്ങളും അയ്യങ്കാവ് പാടമായിരുന്നു. സമൃദ്ധമായ ആ പാടശേഖരത്തിനോടു ചേർന്നാണ് അയ്യങ്കാവ് ക്ഷേത്രവും നിലകൊള്ളുന്നത്.

പ്രാദേശികചരിത്രാന്വേഷകനായ ഹരി എൻ. ജി. (Hari N G) 2024 ഫെബ്രുവരി 22 ൽ എഴുതിയ ഫെയ്സ്ബുക്ക് പോസ്റ്റിൽ, ആദിചേരന്മാരുടെ പിൻമുറയിൽപ്പെട്ട അയ്യാസ്വരൂപത്തിന്റെ ആസ്ഥാനം ഇരിങ്ങാലക്കുടയായിരുന്നു എന്ന് രേഖപ്പെടുത്തുന്നു. അയ്യങ്കാവ് മൈതാനത്തോട് ചേർന്നാണ് ഇവരുടെ കൊട്ടാരം സ്ഥിതിചെയ്തിരുന്നതത്രേ. ഇരിങ്ങാലക്കുട ഗ്രാമത്തി

ന്റെ ഗ്രാമക്ഷേത്രം മുരിയാട് പ്രദേശത്തായിരുന്നു. പെരുംതൃക്കോവിൽ ക്ഷേത്രം എന്ന് അത് അറിയപ്പെട്ടു. ക്ഷേത്രദർശനത്തിനു വരുമ്പോൾ അയ്യാസ്വരൂപക്കാർ താമസിച്ചിരുന്ന ഇടമായിരുന്നു പന്തലിപ്പാടം. വൈഷ്ണവ ബ്രാഹ്മണരുടെ ആഗമനത്തോടെ ചേര രാജാവ് അവർക്ക് ആരാധനയ്ക്കായി ഒരിടം പെരുംതൃക്കോവിൽ ക്ഷേത്രസങ്കേതത്തിൽ നൽകി. അവർ അവിടെ ലക്ഷ്മീനാരായണ സങ്കൽപ്പത്തിൽ വിഷ്ണുവിനെ പ്രതിഷ്ഠിച്ച് ആരാധിച്ചുവന്നു. ശിവനും ദക്ഷിണാമൂർത്തിയും ഭഗവതിയും ഗന്ധർവ്വനുമെല്ലാം ഈ ക്ഷേത്രസങ്കേതത്തിൽ ആരാധിക്കപ്പെട്ടിരുന്നു. പണ്ട് പന്തലിപ്പാടത്ത് വലിയ ഒരു ഉത്സവം നടന്നിരുന്നതായി പറയുന്നുണ്ട്. ഇതു പെരുവനം ഉത്സവം പോലെയുള്ള ഒരു ഉത്സവമായിരിക്കാൻ സാധ്യതയുണ്ട്.

ക്ഷേത്രസങ്കേതത്തിൽ വൈഷ്ണവ ബ്രാഹ്മണർക്ക് ആരാധനക്കായി സ്ഥലം നൽകിയെങ്കിലും ക്ഷേത്രസങ്കേതം ചേരരാജവംശമായിരുന്ന അയ്യസ്വരൂപത്തിന്റെ ഉടമസ്ഥതയിൽ തന്നെ ആയിരുന്നു. ക്ഷേത്രസങ്കേതങ്ങളുടേയും ഗ്രാമങ്ങളുടേയും ചേര രാജ്യത്തിന്റെ തന്നെയും ആധിപത്യം കൈപ്പിടിയിലാക്കാനും ഭരണം അട്ടിമറിക്കാനും ഗൂഢാലോചന നടത്തി വന്നിരുന്ന ബ്രാഹ്മണർ അവരെ ഇരുകയ്യും നീട്ടി തന്റെ സാമ്രാജ്യത്തിലേക്കു സ്വീകരിച്ച ചേരരാജാവിനെത്തന്നെ വധിക്കാനായി പദ്ധതിയിട്ടു. അതിന്റെ അടിസ്ഥാനത്തിൽ ഭരണം അട്ടിമറിച്ച് പുതിയ രാജാവാക്കാൻ (പെരുമാളാക്കാൻ) ബ്രാഹ്മണർ ഉദ്ദേശിച്ചിരുന്ന ക്ഷത്രിയനായ ഒരു തമ്പുരാൻ, ബ്രാഹ്മണരുടെ ആജ്ഞാനുവർത്തികളായിരുന്ന ചില കർത്താക്കന്മാരുടേയും നമ്പ്യാന്മാരുടേയും ഒത്താശയോടെ ചിരുകണ്ടനെ വധിക്കാൻ പദ്ധതി ആസൂത്രണം ചെയ്തു. അതിനായി ഈ തമ്പുരാൻ അടുത്തുള്ള കുന്നത്രശിവക്ഷേത്രത്തിൽ ഒളിച്ചുപാർത്ത് ചിരുകണ്ടനെ നിരീക്ഷിച്ചുവന്നു.

പെരുവനം, ഇരിങ്ങാലക്കുട ഗ്രാമങ്ങളിലെ ആദിമനിവാസികളുടെ ഒരു പ്രധാന ആരാധനാകേന്ദ്രമായിരുന്നു അയ്യന്റെ ക്ഷേത്രം സ്ഥിതിചെയ്തിരുന്ന ആറാട്ടുപുഴ. ചിരുകണ്ടൻ തന്റെ മകളുടെ കെട്ടുകല്യാണത്തിന് കല്ലേറ്റുംകരയിലെ പന്തലിപ്പാടം മുതൽ ആറാട്ടുപുഴ പാടം വരെ വെറ്റിലകൊണ്ട് പന്തലിട്ട് അല

ങ്കരിച്ചു. തലേന്ന് സന്ധ്യക്ക് പെരുംതൃക്കോവിൽ ക്ഷേത്രത്തിൽ ദർശനത്തിനു വന്ന ചിരുകണ്ടനു നേരെ അപ്രതീക്ഷിതമായി വധശ്രമമുണ്ടായി.[3]

ഇരിങ്ങാലക്കുടയിലെ ഊളക്കാട് എന്ന പ്രദേശത്തു താമസിക്കുന്ന സാംബവവിഭാഗത്തിൽപ്പെട്ട പള്ളിപ്പാമടം എന്ന വീട്ടുകാർ പറയുന്നത് മറ്റൊരു കഥയാണ്. അതിൽ അയ്യൻ, ചിരുകണ്ടൻ എന്നിവർ രണ്ടു പേരാണ്. ഒരാൾ പറയവിഭാഗവും മറ്റൊരാൾ പുലയനും. ഇതിൽ ചിരുകണ്ടൻ രാജാവായിരുന്നില്ല, നാടുവിട്ടു പോയി സിദ്ധികളുമായി തിരിച്ചെത്തിയ ഒരു സാധാരണ മനുഷ്യനായിരുന്നു. കൊച്ചിരാജാവിനെ യുദ്ധത്തിൽ ഒറ്റയ്ക്കു വിജയിപ്പിച്ച സേനാനിയായിരുന്നു അദ്ദേഹം എന്നും വിശ്വസിക്കുന്നു. കൊച്ചിരാജാവല്ല ഇരിങ്ങാലക്കുട ക്ഷേത്രത്തിലെ ബ്രാഹ്മണരാണ് അദ്ദേഹത്തെ ചതിച്ചത് എന്നാണ് അവരുടെ പക്ഷം.

### ആറാട്ടുപുഴപൂരവും ചിരുകണ്ടകഥയും

പെരുവനം ഗ്രാമാധികാരിയായ ചെറുമവിഭാഗത്തിലെ അയ്യ എന്ന സ്ത്രീയാണ് കഥാനായിക എന്നതാണ് ചിരുകണ്ടകഥയുടെ മറ്റൊരു പാഠഭേദം. ഭരണകാര്യങ്ങളിൽ അയ്യയുടെ ഉപദേഷ്ടാവും മന്ത്രിയും താന്ത്രികനുമായിരുന്നു ചെറുമരിലെ പറയവംശജനായ ചിരുകണ്ടൻ. രാജകുടുംബത്തിലെ ഒരു പെൺകുട്ടിയുടെ കാതുകുത്തുകല്യാണത്തിന് അയ്യ കൊച്ചി രാജാവിനെ ക്ഷണിക്കുന്നു. പന്തലിപ്പാടം മുതൽ ആറാട്ടുപുഴ ശാസ്താക്ഷേത്രംവരെ പന്തലിട്ടാണ് അദ്ദേഹത്തെ സ്വീകരിച്ചത്. സമ്പത്സമൃദ്ധവും ഫലഭൂയിഷ്ഠവുമായ ആ ദേശത്തിന്റെ സ്ഥിരോത്സാഹവും കഠിനാധ്വാനവും, മറ്റൊരു ഭരണാധികാരിയിൽ അസൂയ ഉളവാക്കുന്നതായിരുന്നു. വെറ്റിലപ്പന്തലും സ്വർണ്ണപ്പറയും സദ്യക്കു വേണ്ട എല്ലാ വിഭവങ്ങളും ഒരുമിച്ചു പാകം ചെയ്യാവുന്ന ഉരുളിയും അറുപത്തിനാലു കലകൾ സമന്വയിപ്പിച്ചു കൊണ്ടുള്ള കലാവിരുതും കണ്ട് കൊച്ചി രാജാവ് അത്ഭുതസ്തബ്ധനായി. ഏതുവിധേനയും ഈ രാജ്യം സ്വന്തമാക്കണമെന്ന ഗൂഢചിന്ത രാജാവിന്റെയും അനുയായികളുടെയും ഉള്ളിൽ ഉടലെടുത്തു. അതിനായി അണിയറ ഒരുക്കങ്ങളും നടത്തി. ആറാട്ടുപുഴ ക്ഷേത്രത്തിലേക്ക് ആനയിച്ച കൊച്ചി

രാജാവിനെ ആദരപൂർവ്വം വണങ്ങുന്ന അയ്യാരാജ്ഞിയുടെ കഴുത്ത്, രാജാവുമായുള്ള മുൻധാരണ പ്രകാരം ഒരു ചെത്തുകാരൻ വെട്ടി മാറ്റി. ഞെട്ടി വിറച്ച ജനക്കൂട്ടം നാലു പാടും ഓടി. തുടർന്നുണ്ടായ കലാപത്തിൽ നൂറുകണക്കിന് ചെറുമപെൺകിടാങ്ങൾ ബലാത്സംഗത്തിന് ഇരയായി. ഓടി രക്ഷപ്പെടാൻ ശ്രമിച്ച മന്ത്രിയായ ചിരുകണ്ടനെ പാടത്തിട്ട് തുരുതുരാ വെട്ടി. കാലൊടിയൻ കണ്ടം, കാലുവെട്ടി കണ്ടം എന്നീ പേരുകളാൽ ആ പാടങ്ങൾ ഇന്നും നിലനിൽക്കുന്നു. നിഷ്ഠൂരമായ കൊള്ളയിലൂടെ പെരുവനം ഗ്രാമം സ്വന്തമാക്കിയ കൊച്ചിരാജാവ് അയ്യാ രാജ്ഞിയെ വെട്ടിവീഴ്ത്തിയ ചെത്തുകാരനെയും കുടുംബങ്ങളെയും മുമ്പേവെട്ടികൾ എന്ന സ്ഥാനപ്പേരു നൽകി കാക്കത്തിരുത്തിപ്പുഴ കടത്തിവിട്ടു. ഈ കുടുംബക്കാരുടെ പിന്മുറക്കാർ മുൻപിൽ വീട്ടുകാർ എന്ന പേരിൽ ഇന്നും പെരിഞ്ഞനത്ത് താമസിച്ചുവരുന്നു. അയ്യാ ചിരുകണ്ടനെ ഇവരുടെ കുടുംബക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച് പൂജിക്കുന്നുണ്ട്. ഇതാണ് കഥാസാരം. ഇന്നും ആറാട്ടുപുഴ ക്ഷേത്രപരിസരത്ത് ഈഴവർ (ചെത്തുകാരുടെ പിൻമുറക്കാർ എന്നർത്ഥത്തിൽ ചെത്തു കുലത്തൊഴിലായ ഈഴവർ) വീട് വയ്ക്കുക പതിവില്ല എന്നതു ശ്രദ്ധേയമാണ്. അങ്ങനെ ചെയ്താൽ ആ വീടുകളിൽ പാമ്പിന്റെ ഉപദ്രവം കൂടുതലായിരിക്കും എന്നാണ് ഇവിടുത്തുകാരാരുടെ വിശ്വാസം.

പവിത്രയായ സ്ത്രീകളോട് കൊടുംക്രൂരത ചെയ്തതുമൂലം ഭ്രഷ്ടനായ കൊച്ചിരാജാവിന് തിരിച്ചു പോകാൻ കഴിയാതായി. അദ്ദേഹം മുരിയാടുള്ള കുന്നത്തുതറ ശിവക്ഷേത്രത്തിൽ ഒളിച്ചു താമസിച്ചു. തകർന്നുപോയ രാജാവിനു പല ദുർനിമിത്തങ്ങളും ഉണ്ടായി. ചെറുമക്കൾ കലാപവും തുടങ്ങി. കൊച്ചിയിൽ നിന്നും ചങ്കരംകണ്ടത്തു കർത്താക്കൻമാരുടെ പിന്മുറക്കാരെ വരുത്തി രാജാവ് കലാപം അടിച്ചമർത്തി. ഈ കർത്താക്കന്മാർ താവളം അടിച്ച പാളയങ്ങളാണ്, നെടുമ്പാളയം (നെടുമ്പാൾ), തോട്ടുപാളയം (തൊട്ടിപ്പാൾ), രാത്രി പാളയം (രാപ്പാൾ), ചെറുപാളയം (ചെറുവാൾ) എന്നീ പേരുകളിൽ അറിയപ്പെടുന്ന സ്ഥലങ്ങൾ. (കണ്ണൻ, 2023: 36).

ഇവിടെ, തന്റെ മകളെ അടുത്ത ഭരണാധികാരിയായി വാഴിക്കാനുള്ള ചടങ്ങിന്റെ ഭാഗമായാണ് കൊച്ചി രാജാവിനെ ക്ഷണി

ച്ചത് എന്നൊരു പാഠഭേദവും കടന്നുവരുന്നുണ്ട്. സ്ത്രീയെ അധികാരത്തിൽ നിന്നും പൊതുവിടത്തുനിന്നും മാറ്റിനിർത്താനുള്ള വരേണ്യതയുടെ ശ്രമമായി ആ കലാപത്തെ വ്യാഖ്യാനിക്കുന്നു. ചെറുമരുടെ ചടങ്ങുകളിൽ സ്ത്രീകൾക്കു വലിയ പ്രാധാന്യമുണ്ട്. ശക്തിയാരാധനയുടെ ഭാഗമായ കാളിയെ സർവശക്തയായി പൂജിക്കുന്നവരാണവർ. മുടിയാട്ടത്തിലും പറയെടുപ്പിലും സന്ധ്യാവിളക്കു തെളിയിക്കുന്നതിലുമെല്ലാം സ്ത്രീ സാന്നിധ്യം പ്രധാനം തന്നെ. ശ്രീധനക്കാവ് ക്ഷേത്രത്തിലും മറ്റുമുണ്ടായിരുന്ന സ്ത്രീ വെളിച്ചപ്പാടുകളും മൂത്തി സങ്കല്പങ്ങളും പെണ്ണിന്റെ പ്രാധാന്യത്തിലേയ്ക്കു വിരൽ ചൂണ്ടുന്നുണ്ട്.

ചെറുമരാജ്യം സ്വന്തമാക്കിയെങ്കിലും, കൊച്ചി രാജാവിനു പല ദുർവിധികളെയും നേരിടേണ്ടി വന്നു. പേരെടുത്ത മനകൾ പലതും കത്തിനശിച്ചു. കൊച്ചിരാജ്യം ആക്രമിക്കപ്പെട്ടു. ഇതിന്റെയെല്ലാം കാരണം ചെറുമരുടെ ഭരണം ശാസ്താക്കൻമാരെ (ചാത്തന്മാരെ) മുൻനിറുത്തിയായിരുന്നു എന്നതാണ്. നാടാകെ വറുതിയിലായി. രാജാവ് താന്ത്രികൻമാരെ വരുത്തി പ്രശ്നപരിഹാരത്തിനായി ശ്രമിച്ചു. അനേക വർഷം മുടങ്ങിക്കിടന്ന പെരുവനം ഉത്സവം മധ്യകേരളത്തിലെ മാമാങ്കമായ ആറാട്ടുപുഴ പൂരമാക്കി പുനഃസ്ഥാപിച്ചാണ് താന്ത്രികൻ അതിന് പരിഹാരം കണ്ടെത്തിയത്. ആറാട്ടുപുഴയിൽ അയ്യ - ചിരുകണ്ടനെ പ്രതിഷ്ഠിച്ചു. (അതാണ് ഇന്നത്തെ ആറാട്ടുപുഴ ശാസ്താക്ഷേത്രം എന്നു കരുതാം) പിടിക്കാപ്പറമ്പു ക്ഷേത്രത്തിൽ നിന്നും ആറാട്ടുപുഴ പൂരം വരവ് ഉൾപ്പെടുത്തി. ആറാട്ടുപുഴ പൂരം പുനഃസംഘടിപ്പിച്ചപ്പോൾ 108 ദേവി ദേവന്മാരെയാണ് അതിൽ പങ്കെടുപ്പിച്ചത്. തൃപ്രയാർ ക്ഷേത്രത്തിൽ നിന്നും ചാത്തന് പൂരത്തിൽ നെടുനായകത്വം നൽകി. തേവരല്ല ശാസ്താവാണ് (ചാത്തനാണ്) പൂരത്തിന് തൃപ്രയാറിൽ നിന്നും എഴുന്നള്ളുന്നത് എന്ന് ഇവർ വിശ്വസിക്കുന്നു (കണ്ണൻ, 2023: 38).

**നമ്പാടൻ തറവാട്ടിലെ വാൾ**

മുകുന്ദപുരം മണ്ഡലത്തിലെ പാർലമെന്റ് അംഗമായിരുന്ന ലോനപ്പൻ നമ്പാടൻ 'സഞ്ചരിക്കുന്ന വിശ്വാസി' (2012: 97) എന്ന തന്റെ ആത്മകഥയിൽ ചിരുകണ്ടകഥ രേഖപ്പെടുത്തുന്നു

ണ്ട്. അയ്യൻ ചിരുകണ്ടന്റെ ഗളച്ഛേദം ചെയ്യുവാൻ കൊച്ചി മഹാരാജാവ് ഉപയോഗിച്ച വാൾ ഇന്നും സുരക്ഷിതമാണ് എന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. പട്ടേപ്പാടത്തിന് അടുത്തുള്ള വെളയനാടിന് വടക്കുവശത്തു താമസമുറിപ്പിച്ചു രാജാവ്. അവിടെ പ്രായശ്ചിത്തത്തിനും പരിഹാരത്തിനുമായി മുകുന്ദനെ ആരാധനാമൂർത്തിയായി ക്ഷേത്രം തന്നെ സ്ഥാപിച്ചു അദ്ദേഹം. മഹാരാജാവിന്റെ പേരുതന്നെ മുകുന്ദൻ എന്നായിരുന്നു എന്നും പറയപ്പെടുന്നുണ്ട്. മഹാരാജാവ് മുകുന്ദപുരത്തു വാസം തുടങ്ങവേ ആ സ്ഥലത്ത് ഒരു സർപ്പം പ്രത്യക്ഷപ്പെട്ടു. സർപ്പം രാജാവിനു ഭീഷണിയായി. ആരു ശ്രമിച്ചിട്ടും വകവരുത്താൻ കഴിഞ്ഞില്ല. സർപ്പശല്യം രാജാവിന്റെ ഊണും ഉറക്കവും കെടുത്തി. നമ്പാടൻതറവാട്ടിൽ സർപ്പത്തെ പേടിയില്ലാത്ത, കൈവശം നാടൻ തോക്കുള്ള ഒരു കാരണവർ ഉണ്ടായിരുന്നു. അദ്ദേഹം ഇതു സർപ്പമല്ലെന്നും ചിരുകണ്ടന്റെ ശാപമാണെന്നും സംഭാഷണമധ്യേ ആരോടോ പറഞ്ഞു. ഇതു രാജാവിന്റെ ചെവിയിലെത്തി. അദ്ദേഹം കാരണവരെ വിളിപ്പിച്ച്, ഈ ബാധയിൽ നിന്നും തന്നെ രക്ഷിക്കാൻ കാരണവർക്കു സാധിക്കുമോ എന്നു ചോദിച്ചു. കാരണവരാകട്ടെ തന്റെ പഴയ നാടൻ തോക്കിൽ വിരലിലെ സ്വർണമോതിരം തിരയാക്കി സർപ്പത്തിനെതിരെ നിറയൊഴിച്ചു. ഇതു സർപ്പത്തെ ഇല്ലാതാക്കി. സന്തുഷ്ടനായ രാജാവ് പാരിതോഷികമായി കാരണവർക്ക് കരമൊഴിവായി 200 പറ നിലം പതിച്ചുനൽകി. കൂടെ ചിരുകണ്ടനെ വധിക്കാൻ ഉപയോഗിച്ച വാളും. നിലത്തിന്റെ ഒരു ഭാഗം പാരമ്പര്യമായി കിട്ടിയത് ഇന്നും പുത്തൻചിറയിലെ നമ്പാടൻ തറവാട്ടുകാരുടെ കൈവശമുണ്ട്. തലമുറകൾ കൈമാറി വന്ന വാൾ ലോനപ്പൻ നമ്പാടൻ സൂക്ഷിക്കുന്നു എന്നാണ് അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്.

**ചിരുകണ്ടനിലെ മാവേലി**

ചിരുകണ്ടകഥയ്ക്ക് മാവേലിക്കഥയുമായി സാദൃശ്യങ്ങൾ ഏറെയാണ്. സമത്വസുന്ദരവും സമ്പദ്സമൃദ്ധവുമായ ഒരുനാടിന്റെ ഭരണാധികാരിയായിരുന്നു മാവേലി. ആ സമൃദ്ധിയും ജനസമ്മതിയും തന്റെ സിംഹാസനത്തിന് വെല്ലുവിളിയാകുമോ എന്ന ഇന്ദ്രഭയം കൊണ്ടാണ് വാമനവേഷധാരിയായ വിഷ്ണു മഹാബലി

യെ സ്വന്തം ദേശത്തുനിന്നും നിഷ്കാസനം ചെയ്യുന്നത്. പശ്ചിമ ഘട്ടത്തിന്റെ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെ സമൃദ്ധമായ നാട്ടുരാജ്യങ്ങളും സമത്വം വിഭാവനം ചെയ്തിരുന്ന ഭരണാധികാരികളും ഉണ്ടായിരുന്നിരിക്കണം. ചിരുകണ്ടകഥയിലെ പാഠഭേദങ്ങളിലെല്ലാം ആ ദേശത്തെ സമ്പദ്സമൃദ്ധിയെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. തന്നെക്കാൾ സമ്പന്നനായ ഒരു നാട്ടുമൂപ്പൻ ഇത്തരത്തിൽ വളർന്നു വന്നാൽ കൊച്ചി രാജാവിന്റെ സിംഹാസനത്തിനു തന്നെ വെല്ലുവിളിയായേക്കാം എന്ന ചിന്ത ചിരുകണ്ടനെ ഇല്ലായ്മ ചെയ്യുന്നതിൽ പ്രവർത്തിച്ചിട്ടുണ്ട്.

കൃഷിയായിരുന്നു അവരുടെ പ്രധാന വരുമാനമാർഗ്ഗം. വെറ്റില കൃഷി ഇവിടങ്ങളിൽ ധാരാളമായി ഉണ്ടായിരുന്നു. ഇരിങ്ങാലക്കുടയിൽ നിന്നും വിപണനം ചെയ്തിരുന്ന വെറ്റില ഏറ്റവും ഗുണമേറിയതായിരുന്നു എന്ന് പഴമക്കാർ പറഞ്ഞ് കേട്ടിട്ടുണ്ട്. മാത്രമല്ല, കവുങ്ങിൽ വെറ്റിലക്കൊടി പടർത്തി വിടുകയായിരുന്നു പതിവ്. ഈ അറിവ് വെറ്റില കൊണ്ട് പന്തലിട്ടു, പഴുക്കടക്ക കൊണ്ട് തൂണിട്ടു എന്നെല്ലാം പറയുന്നതിലെ അതിശയോക്തിക്ക് കുറച്ചെങ്കിലും സമാധാനമാകുന്നുണ്ട്. കൃത്യമായ ജലസേചന സംവിധാനങ്ങൾ ആ ഘട്ടത്തിൽ ഉണ്ടായിരിന്നു എന്നതിന് ചിറകളും കുളങ്ങളും കിണറുകളും ആയി ഇനിയും മൂടപ്പെട്ടിട്ടില്ലാത്ത തെളിവുകൾ അവശേഷിക്കുന്നു. മുസരിസ് തുറമുഖം വഴിയുള്ള വിദേശനാണ്യ ശേഖരത്തിനും അനുയോജ്യമായൊരു ഇടമാണിത്. ഖനികളില്ലാത്ത കേരളത്തിൽ സ്വർണ്ണസമ്പത്തിന്റെ കാരണവും ഇത് തന്നെയാവണം.

**അയ്യനും ബുദ്ധമതവും**

അയ്യൻ എന്ന പേരിന് ബുദ്ധമതവുമായുള്ള ബന്ധവും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. അയ്യൻ എന്നത് ബുദ്ധന്റെ ഗ്രാമ്യനാമങ്ങളിൽ ഒന്നാവാം എന്ന ചിന്ത പ്രബലമാണ്. അതുകൊണ്ടു തന്നെ ചിരുകണ്ടൻ പുലയനോ പറയനോ മറ്റേത് ജാതി വിഭാഗത്തിൽപ്പെട്ട ആളായിരുന്നാലും ബുദ്ധമത വിശ്വാസിയായിരുന്നു എന്നുവേണം കരുതാൻ. അയ്യങ്കാവ് പാടവും ക്ഷേത്രവും അയ്യൻചിറയുമെല്ലാം ഇദ്ദേഹത്തിന്റെ പേരിനെ ഓർമ്മപ്പെടുത്തുന്നു. അയ്യൻചിറയിൽനിന്നും കണ്ടെടുത്ത് പുരാവസ്തുവകുപ്പിന്റെ



അയ്യൻചിറയിൽ നിന്നു കണ്ടെടുത്ത ശിലാവിഗ്രഹം

തൃശ്ശൂർ മ്യൂസിയത്തിൽ സംരക്ഷിക്കപ്പെടുന്ന ബോധിസത്വ വിഗ്രഹവും ഇതിന് ഉപോൽബലകമായുണ്ട്.

ഇരിങ്ങാലക്കുടയ്ക്ക് അടുത്തുള്ള അവിട്ടത്തൂരിൽ നിന്നും 2014 ലാണ് ഈ പ്രാചീന ശിലാവിഗ്രഹം കണ്ടെത്തിയത്. ഈ ബോധിസത്വ ശിൽപത്തെ പുറംലോകത്തിന് പരിചയപ്പെടുത്തിയത് അജയ് ശേഖറിന്റെ നേതൃത്വത്തിലുള്ള പ്രാദേശികചരിത്രാന്വേഷകരാണ്. ചിരുകണ്ട രാജാവിന്റെ പേരിലുള്ളത് എന്ന് പ്രദേശവാസികൾ കരുതുന്ന അയ്യൻ ചിറയിൽ നിന്നാണ് വിഗ്രഹം കണ്ടെടുത്തത് (അജയ് ശേഖർ, 29). അഭി തുമ്പൂരിനെ പോലുള്ള സംസ്കാരചരിത്രാന്വേഷകരായ തദ്ദേശവാസികൾ വിഗ്രഹത്തിന്റെ ചരിത്രപ്രാധാന്യം തിരിച്ചറിഞ്ഞ് ഫേസ്ബുക്ക് അടക്കമുള്ള നവമാധ്യമങ്ങളിൽ ഇക്കാര്യം ചർച്ച ചെയ്തിരുന്നു. കേരള പുരാവസ്തുവകുപ്പ് ഏറ്റെടുത്ത വിഗ്രഹം തൃശ്ശൂർ മ്യൂസിയത്തിലേക്കു കൊണ്ടു പോയെങ്കിലും ഇതുവരെ പ്രദർശനത്തിനു സജ്ജമാക്കിയിട്ടില്ല.

അയ്യങ്കാവ് ക്ഷേത്രത്തിൽ ദേവീ പ്രതിഷ്ഠയും അയ്യപ്പ പ്ര

തിഷ്ഠയുമുണ്ട്. അയ്യൻ ചിരുകണ്ടന്റെ കുലദേവതയായിരുന്ന ഭഗവതിയെ നാട്ടുകാർ അയ്യപ്പ പ്രതിഷ്ഠയ്ക്കായി തീർത്ത ശ്രീ കോവിലിൽ പ്രതിഷ്ഠയ്ക്കു മുമ്പുതന്നെ കുടിയിരുത്തി എന്നാണ് പ്രചരിക്കുന്ന ഒരു ഐതിഹ്യം. മറ്റൊരു അഭിപ്രായം ബുദ്ധന്റെ പ്രതിരൂപമായ അയ്യപ്പനെ ചിരുകണ്ട വധത്തിനുശേഷം ഉപപ്ര തിഷ്ഠ മാത്രമാക്കി ദേവിപ്രതിഷ്ഠ നടത്തി എന്നുള്ളതാണ്. ചിരു കണ്ടനെ തൽസ്ഥാനത്തുനിന്നും നിഷ്കാസനം ചെയ്തതുപോലെ അദ്ദേഹത്തിന്റെ മതത്തെയും ഈ നാട്ടിൽ നിന്നും ഉന്മൂലനം ചെയ്തതായി ജനങ്ങൾ വിശ്വസിക്കുന്നു. അയ്യാ എന്ന വാക്കിന്റെ പ്രയോഗത്തെക്കുറിച്ച് അജയ് ശേഖർ നടത്തിയിരിക്കുന്ന അഭി പ്രായം ശ്രദ്ധേയമാണ്. “ഓർക്കാപ്പുറത്ത് എന്ത് സംഭവിച്ചാലും അയ്യോ... എന്നു വിളിക്കാത്തവർ തെന്നിന്ത്യയിലില്ല. അയ്യാ, അയ്യോ... എന്നീ വാക്കുകൾ പാലിയിൽ നിന്നാണ് തമിഴിലും മലയാളത്തിലുമെത്തുന്നത്. അയ്യോ പൊത്തോ... എന്ന ദമിള സംബോധന ആരിയ പുത്തർക്കുള്ളതാണ്. മധ്യകാലം മുതൽ അയ്യോ എന്ന പദം നിരോധിച്ച ഇല്ലങ്ങളിൽ അടക്കം കുട്ടികളും മൂത്തവരും ഇന്നും എന്തിനും ഏതിനും അയ്യനെ തന്നെ വിളിക്കു ന്നു” (2019: 1). അറിഞ്ഞും അറിയാതെയും ആപൽസമയത്ത് സാ ധാരണക്കാരന്റെ നാവിൽ വരുന്ന വാക്കാണ് ‘അയ്യോ’ എന്നത്. കാരണം അറിയാതെ തന്നെ അയ്യോ എന്നു വിളിച്ചു കരയരുത് എന്ന് കുട്ടികളെ താക്കീത് ചെയ്യുന്ന മുതിർന്നവർ ഇപ്പോഴുമുണ്ട്. ഭാഷയിൽ രൂഢമൂലമായ അയ്യനെന്ന ഈശ്വരനെ അബോധ ത്തിൽ നിന്നു പോലും തുടച്ചുമാറ്റാനുള്ള ശ്രമമാണിത് എന്നു കരുതാം. ഉത്തരീയം ധരിക്കുന്നവനാണ് കണ്ടൻ എന്നും ഉത്ത രീയം ബുദ്ധന്റെ പ്രതീകമാണ് എന്നും പറയാറുണ്ട്. സ്ഥിരമായി ഉത്തരീയം ധരിക്കുന്നവനാണ് ചിരുകണ്ടൻ. അതൊരു ബൗദ്ധ സ്ഥാനമാണ്. ആ അർത്ഥത്തിൽ ബുദ്ധനോ ബുദ്ധമത വിശ്വാസി യോ ആണ് ചിരുകണ്ടൻ എന്നും കരുതാം.

കൊച്ചി രാജാക്കന്മാർ അധികാരത്തിലെത്തുന്നത് പന്ത്ര ണ്ടാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ മാത്രമാണ്. പൊ.വ. 1341 ലെ വെള്ളപ്പൊക്കത്തിന് ശേഷമാണ് കൊച്ചി എന്ന പേര് തന്നെ ഉയർന്നുവരുന്നത്. കൊടുങ്ങല്ലൂർ മഹോദയപുരം ആസ്ഥാനമാ ക്കി ഭരണം നടത്തിയിരുന്നത് കുലശേഖരന്മാരാണ്. ചരിത്രഗ

വേഷകർ തള്ളിക്കളഞ്ഞ, കേരളോൽപ്പത്തി ഗ്രന്ഥവരികളിൽ പറയുന്ന വ്യാഴവട്ട പെരുമാക്കന്മാരുടെ കഥയും ഈ ഘട്ടത്തി ലേതുതന്നെ. കൊച്ചിരാജാവിന്റെ കാലത്ത് രാജാവിനു പോലും അസൂയ തോന്നുന്ന നിലയിൽ ശക്തനും സമ്പന്നനുമായ ഒരു പുലയ രാജാവ് ഉണ്ടാകുമോ എന്ന ചോദ്യം അവശേഷിക്കുന്നു. കഥകളിലെ കാലസൂചനകളും പരസ്പരം ചേർന്നുപോകുന്നുമില്ല.

ഏഴ്- എട്ട് നൂറ്റാണ്ടുകൾക്കിടയിലായിരിക്കണം ചിരുക ണ്ടന്റെ കാലം എന്നു കരുതിപ്പോരുന്നു. ബ്രാഹ്മണ്യം ദക്ഷിണേ ന്ത്യയിൽ ആധിപത്യം ഉറപ്പിക്കുകയും ജാതിവ്യവസ്ഥയുടെ സ്വാധീനം ജനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്നത് അതിനു ശേഷമായിരിക്കണം. അതുവരെ ആരും ദളിതരാക്കപ്പെട്ടിരു ന്നില്ല. പാണനും പറയനും പുലയനുമെല്ലാം ചെറുമരാക്കപ്പെട്ട ഘട്ടത്തിൽ, കഴിഞ്ഞുപോയ പ്രതാപകാലചിന്തകൾ പഴങ്കഥക ളായും ഐതിഹ്യങ്ങളായും രൂപഭേദങ്ങളോടെ പ്രചരിച്ചുവന്നതാ യിരിക്കാം. നാട്ടു ചൊൽക്കഥകൾ ഒരാൾ ഉണ്ടാക്കുന്നതല്ല. പല സന്ദർഭങ്ങളിൽ പലതരത്തിൽ അവരുടെ അനുഭവങ്ങളുടെ വെ ളിച്ചത്തിൽ ആവിഷ്കരിക്കുന്നതാണവ. അതൊരു സമൂഹസൃഷ്ടി യാണ്. ചരിത്രത്തെ ഉപജീവിക്കാതെ കഥയ്ക്കോ കഥയെ ഉപജീ വിക്കാതെ ചരിത്രത്തിനോ നിലനിൽപ്പില്ല.

ചരിത്രത്തിൽ ഈ കഥാപാത്രത്തെ അടയാളപ്പെടുത്തുക എന്നതിനേക്കാൾ ജനഹൃദയങ്ങളിൽ ചിരികണ്ടനുള്ള സ്ഥാനമെ ന്ത് എന്നന്വേഷിക്കുക പ്രസക്തമാണ്. പലർക്കും പലതരത്തിൽ അവരുടെ ഉള്ളിൽ ഈ കഥാപാത്രം ജീവിച്ചിരിപ്പുണ്ട്. മണ്ണും കൃഷിയും അധികാരവുമായി ബന്ധപ്പെട്ടു വരുന്ന കഥകൾക്ക് സവർണ്ണതയോടും ജന്മിത്വത്തോടും അതിന്റെ അധികാരങ്ങളോ ടുമുള്ള കലഹമുണ്ട്. അടിച്ചമർത്തപ്പെടുന്ന സവർണ്ണമൂല്യങ്ങളോടു ള്ള പ്രതിരോധമുണ്ട്. ആ പ്രതിരോധശക്തിയുടെ ആവിഷ്കാരമാ ണ് ഇവിടെ അയ്യൻ ചിരുകണ്ടനായി പ്രത്യക്ഷപ്പെടുന്നത്.

**കുറിപ്പുകൾ**

1. ആവേദകൻ - ജോസഫ് കാഞ്ഞിരപ്പറമ്പിൽ, വെളയനാട് 88 വയസ്സ് (02/08/2022 ൽ അന്തരിച്ചു)
2. ആവേദകൻ - ഗോകുൽദാസ്, നഗർമണ്ണമന, കല്ലേറ്റുംകര.

3. ഹരി എൻ. ജി. (Hari N G fb post) 2024 ഫെബ്രുവരി 22 https://www.facebook.com/share/p/5RZsQ3LuhCZrHkHn/?mibextid=oFDknk)

## ഗ്രന്ഥസൂചി

അജയ് ശേഖർ, 2019 *പുത്തൻകേരളം കേരളസംസ്കാരത്തിന്റെ ബൗദ്ധ അടിത്തറ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

അജു കെ. നാരായണൻ, 2005 *കേരളത്തിലെ ബുദ്ധമത പാരമ്പര്യം നാട്ടറിവുകളിലൂടെ,* താരതമ്യ സാഹിത്യസംഘം, ചങ്ങനാശ്ശേരി.

കണ്ണൻ മേലോത്ത്, 2023 *മുകുന്ദപുരത്തെ പുലൈ രാജാവ് അയ്യൻ ചിരുകണ്ടൻ*, ഇടനേരം പ്രസിദ്ധീകരണം, തൃപ്പൂണിത്തുറ.

കൃഷ്ണൻകുട്ടി, ഒർണ്ണ, 2018 *പുലയരുടെ ചരിത്രം ഒരു പഠനം,* ബുദ്ധ ബുക്സ്, അങ്കമാലി.

നമ്പാടൻ, ലോനപ്പൻ 2012, *സഞ്ചരിക്കുന്ന വിശ്വാസി,* ഡി. സി. ബുക്സ്, കോട്ടയം.

sintokonkoth@gmail.com